**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859</u>** **<u>06-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഫോക് ലോർ അക്കാദമി വെള്ളാവൂർ ഉപകേന്ദ്രം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | ഫോക് ലോർ അക്കാദമി വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെന്തൊക്കെയെന്ന് അറിയിക്കുമോ; അവിടെ നൽകിവരുന്ന സേവനങ്ങൾ, ക്ലാസുകൾ എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | (എ) | കേരള ഫോക് ലോർ അക്കാദമിയുടെ പ്രവർത്തനം കേരളത്തിന്റെ തെക്കൻ ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന് വേണ്ടിയാണ് വെള്ളാവൂർ ഉപകേന്ദ്രം ആരംഭിച്ചത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവാത്തതിനാൽ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നു. വെള്ളാവൂർ ഉപകേന്ദ്രത്തിൽ നാടൻപാട്ട് പരിശീലനം, ഉപകരണസംഗീത പരിശീലനം എന്നിവ നടത്തിയിരുന്നു. |
| (ബി) | പ്രസ്തുത ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കൂടുതൽ വിപുലമായ പ്രചാരണ പരിപാടികളിലൂടെ പ്രസ്തുത കേന്ദ്രത്തിന്റെ പ്രയോജനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് പടയണി, വേലകളി എന്നീ കലാരൂപങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ